പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1322 30/09/2011 ൽ മറുപടിക്ക്

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. കെ. സി. ജോസഫ് (ബഹു. ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി ഇപ്പോൾ നിയോഗിക്കപ്പെട്ട ശ്രീ. എം.ആർ.തമ്പാൻ, ഇതിനുമുമ്പും ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിച്ചിരുന്നുവോ; എങ്കിൽ ഏത് കാലയളവിൽ; | എ) ഉണ്ട്.. വിവിധ തസ്തികകളിലായി 1971 മുതൽ 2000 വരെ കാലയളവിൽ. |
| ബി) പ്രസ്തുത കാലയളവിൽ, ധനവകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ പ്രസ്തുത വ്യക്തിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ എന്തെല്ലാമായിരുന്നു; അദ്ദേഹം അനധികൃതമായി പണം കൈവശം വയ്ക്കുകയുണ്ടായോ; എങ്കിൽ എത്ര; അത് തിരിച്ചടയ്ക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | ബി) മുമ്പ് ചില സൊസൈറ്റികൾക്ക് കടമായി നൽകിയ പുസ്തകങ്ങളുടെ വില തിരികെ ഈടാക്കിയില്ല എന്നതാണ് പരാമർശം.അനധികൃതമായി പണം കൈവശം വച്ചു എന്ന പരാമർശമുണ്ടായിട്ടില്ല. പുസ്തക വിൽപ്പനയിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക ഈടാക്കുന്നതിന് നിയമവിധേയമായ എല്ലാനടപടികളും ഇൻസ്റ്റിറ്റ്യൂട്ട് കൈകൊണ്ടിട്ടുണ്ട് .M/S വിദ്യാർത്ഥിമിത്രം എന്ന സ്ഥാപനത്തിൽ നിന്നും, സചിത് .ആർ.കെ എന്ന പ്രൊമോട്ടറിൽ നിന്നും തുക ഈടാക്കിയിട്ടുണ്ട് . ഹരിതം ബുക്സിന് പുസ്തകങ്ങൾ നൽകിയതും കുടിശ്ശിക വരുത്തിയതും 2001-ന് ശേഷമാണ്. 1995-ന് മുമ്പ് മുതൽ തന്നെ പുസ്തകങ്ങൾ ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകിയിരുന്നു. നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ ,സാഹിത്യ |

| | | | |
|---|---|---|---|
| | | | പ്രവർത്തക സഹകരണ സംഘം എന്നീ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ള സ്വകാര്യ സ്ഥാപനങ്ങൾക്കും പ്രൊമോട്ടർമാർക്കും എതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥിമിത്രത്തിൽ നിന്ന് ലഭിക്കാനുണ്ടായിരുന്ന 1,25,932/-രൂപയുടെ സ്ഥാനത്ത് റവന്യൂ റിക്കവറി നടപടികളിലൂടെ 4,80,005/- രൂപ പലിശ സഹിതം ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചു. നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ ,സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവയ്ക്ക് പുസ്തകങ്ങൾ നൽകിയത് സർക്കാർ സ്ഥാപനങ്ങൾ എന്ന നിലയിലാണ്. ഇവരിൽ നിന്നും കുടിശ്ശിക തുക ഈടാക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. |
| സി) | ക്രമക്കേടുകൾ നടത്തിയയാളെത്തന്നെ വീണ്ടും ഡയറക്ടറായി നിയോഗിക്കുകയുണ്ടായോ; എങ്കിൽ കാരണമെന്തായിരുന്നു? | സി) | ഡയറക്ടറായി നിയമിക്കപ്പെട്ട ഡോ. എം.ആർ തമ്പാനെതിരെ ഉണ്ടായ ആക്ഷേപങ്ങൾ സംബന്ധിച്ച ശുപാർശകളിൽ അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ആഫീസർ